**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2982** **14-02-2024 - ൽ മറുപടിയ്ക്ക്**

**പിന്നാക്ക സമുദായാംഗങ്ങൾക്ക് നൽകുന്ന വിവിധ ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന പിന്നാക്കസമുദായക്ഷേമ വകുപ്പ് രൂപീകരിച്ചത് എന്നാണ്; പിന്നാക്ക സമുദായാംഗങ്ങൾക്കായി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ, തൊഴിൽ, സാമൂഹ്യക്ഷേമ പദ്ധതികളും അവയുടെ ആനുകൂല്യങ്ങളും മാനദണ്ഡങ്ങളും ഇനം തിരിച്ച് ലഭ്യമാക്കാമോ; ഇവയോടൊപ്പമുള്ള അപേക്ഷയ്ക്ക് മാതൃക ഉണ്ടെങ്കിൽ ഓരോന്നിന്റെയും കോപ്പി ലഭ്യമാക്കാമോ; | (എ) | 2011 നവംബറിൽ വകുപ്പ് ഡയറക്ടറേറ്റ് രൂപീകരിക്കുകയും 2012 ഫെബ്രുവരിയിൽ സെക്രട്ടേറിയറ്റിൽ പ്രത്യേക ഭരണ വകുപ്പ് നിലവിൽ വരുകയും ചെയ്തു. പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ പിന്നാക്ക സമുദായങ്ങൾക്കായി നടപ്പാക്കുന്ന വിവിധ വിദ്യാഭ്യാസ, വികസന പദ്ധതികളെ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. വിദ്യാഭ്യാസ പദ്ധതികൾ പൂർണ്ണമായും ഓൺലൈനായും വികസന പദ്ധതികൾ നിലവിൽ ഓഫ്-ലൈൻ ആയുമാണ് നടപ്പാക്കി വരുന്നത്. ഓഫ്-ലൈൻ പദ്ധതിയുടെ അപേക്ഷാ മാതൃകകൾ അനുബന്ധം 3 ആയി ചേർക്കുന്നു. |
| (ബി) | 2016 മുതൽ പ്രസ്തുത വിഭാഗത്തിനായി നൽകിയ വിവിധ ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കാമോ; | (ബി) | ഇതു സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതികൾക്ക് കേന്ദ്രവിഹിതം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതം എന്ന് വെളിപ്പെടുത്താമോ? | (സി) | പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 60% കേന്ദ്ര സഹായത്തോടെ ആകെ 3 പദ്ധതികളാണ് നടപ്പാക്കി വരുന്നത്.<br><br>1. PM-YASASVI OBC, EBC പ്രീമെട്രിക് സ്കോളർഷിപ്പ്<br><br>2. PM-YASASVI OBC, EBC പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്<br><br>3. പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം.<br><br>ഈ പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം-I

## നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം 2982

### (എ) പിരിവിനുള്ള തുടർവിവരങ്ങൾ

### വിദ്യാഭ്യാസ പദ്ധതികൾ

#### 1) ഒ.ഇ.സി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന മറ്റർഹ സമുദായങ്ങളിലെ വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. എൽ.പി, യു.പി, ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് യഥാക്രമം 750, 900, 1000 എന്ന നിരക്കിലാണ് വർഷം തോറും ആനുകൂല്യമനുവദിക്കുന്നത്.

#### 2) ഒ.ഇ.സി പോസ്റ്റ്മെട്രിക് വിദ്യാഭ്യാസാനുകൂല്യങ്ങൾ

+2 മുതൽ Ph.D വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി, ഒ.ബി.സി(എച്ച്) വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതിയാണ്.സംസ്ഥാനത്ത് പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്നവർക്കും സംസ്ഥാനത്തിനു പുറത്ത് അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്കും കേന്ദ്ര ഏജൻസിയുടെ അലോട്ട് മെന്റ് പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്കും സ് കോളർഷിപ്പ് അനുവദിക്കുന്നു. ഒ.ഇ.സി സമുദായങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒ.ഇ.സി. ക്ക് തത്തുല്യ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിന് തെരഞ്ഞെടുത്ത 30 ഒ.ബി.സി സമുദായങ്ങൾക്ക് 6 ലക്ഷം രൂപയാണ് വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു നൽകുന്നു.

കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SEBC വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും, സ്വാശ്രയ എഞ്ചിനീയറിംഗ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. 1 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. തുക നേരിട്ട് വിദ്യാർത്ഥികളുടെ ബാങ്ക് അക്കൗണ്ടുകളിലേക്കു

നൽകുന്നു. സ്ഥാപനം,കോഴ്സ് എന്നിവയ്ക്ക് അനുസരിച്ച് ആനുകൂല്യ തുക വ്യത്യാസപ്പെട്ടിരിക്കുന്നു.

3) **PM-YASASVI OBC,EBC പ്രീമെട്രിക് സ്കോളർഷിപ്പ് - കേന്ദ്രാവിഷ്കൃത പദ്ധതി**

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 50% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണിത്. സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന,കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം രൂപയിൽ അധികരിക്കാത്തഒ.ബി.സി സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രതിവർഷം1500/-രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നതായിരുന്നു പദ്ധതി. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം 9, 10 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രസ്തുത സ്കോളർഷിപ്പ് പരിമിതപ്പെടുത്തുകയും ആനുകൂല്യ തുക 4000/- രൂപയായി ഉയർത്തുകയും ചെയ്തിട്ടുണ്ട്. വരുമാന പരിധിയിൽ മാറ്റമില്ല.

4) **കെടാവിളക്ക് സ്കോളർഷിപ്പ് പദ്ധതി**

സംസ്ഥാനത്തെ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ ഒ.ബി.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ കേന്ദ്രസർക്കാർ പിൻമാറിയ സാഹചര്യത്തിൽ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയാത്ത പ്രസ്തുത വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 1500/- രൂപ വീതം അനുവദിച്ചു നല്കുന്നതിനായി 2023-24 വർഷം മുതൽ സംസ്ഥാനം പുതുതായി ആരംഭിച്ച പദ്ധതിയാണിത്.

5) **PM-YASASVI OBC,EBC പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്**

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന 100% കേന്ദ്ര സഹായത്തോടെ നടപ്പാക്കിയിരുന്ന പദ്ധതിയാണ് ഒ.ബി.സി പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ്. എന്നാൽ 2022-23 മുതൽ കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച മാനദണ്ഡ പ്രകാരം ടി പദ്ധതി പ്രകാരമുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 60:40 ആക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ഒ.ബി.സി വിഭാഗത്തിൽപ്പെട്ട ഹയർ സെക്കന്ററി വിദ്യാർത്ഥികൾ, സംസ്ഥാനത്തിനകത്ത് CA/CMA/ICWA/CS കോഴ്സുകളിൽ പഠിക്കുന്നവർ, സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുളള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തുന്ന തെരഞ്ഞെടുപ്പ് രീതി പ്രകാരം പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ എന്നിവർക്കാണ് സ്കോളർഷിപ്പ് ലഭിക്കുന്നതിന് അർഹതയുളളത്. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന ഓൺലൈനായാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

6) **ഓവർസീസ് സ്കോളർഷിപ്പ്**

ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട ഉന്നത പഠന നിലവാരം പുലർത്തിവരുന്ന വിദ്യാർത്ഥികൾക്ക് വിദേശസർവ്വകലാശാലകളിൽ മെഡിസിൻ/ എഞ്ചിനീയറിങ്/ പ്യൂവർ സയൻസ്/ അഗ്രികൾച്ചർ/ മാനേജ്മെന്റ്/സോഷ്യൽ സയൻസ്/നിയമം എന്നീ കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നതിനുള്ള അവസരം ഒരുക്കി നടപ്പാക്കുന്ന പദ്ധതിയാണിത്. പരമാവധി 10 ലക്ഷം രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. 6 ലക്ഷം രൂപയാണ് കുടുംബ വാർഷിക വരുമാന പരിധി. വർഷം തോറും ശരാശരി 20 പേരെയാണ് ഈ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നത്.

**7) മാതാവോ പിതാവോ രണ്ട്പേരുമോ നഷ്ടപ്പെട്ട ഒ.ബി.സി വിഭാഗം പെൺകുട്ടികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകൾ പഠിക്കുന്നതിന് സ്കോളർഷിപ്പ്**

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്ന മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ്. കുടുംബ വാർഷിക വരുമാനം *2.50* ലക്ഷം രൂപയിൽ കവിയാത്ത മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺകുട്ടികൾക്കായിരിക്കും ഈ ആനുകൂല്യം ലഭ്യമാകുക. ഒരു വിദ്യാർത്ഥിനിക്ക് ട്യൂഷൻഫീസ് മെയിന്റനൻസ് അലവൻസ് എന്നീ ഇനങ്ങളിലായി പ്രതിവർഷം *50,000/-* രൂപ നൽകാൻ ഉദ്ദേശിക്കുന്ന ടി പദ്ധതിയുടെ ഗുണഭോക്താക്കൾ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ വിദ്യാർത്ഥിനികളാണ്.

## തൊഴിൽദായക പരിപാടികൾ

### എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം

പിന്നാക്ക വിഭാഗങ്ങളുടെ തൊഴിൽ ക്ഷമത വർദ്ധിപ്പിക്കുന്നതിനായി വിദ്യാർത്ഥികൾക്ക് മത്സര പരീക്ഷ, തൊഴിൽ പരിശീലനം എന്നിവയ്ക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതിയിൽ താഴെ സൂചിപ്പിച്ചിരിക്കുന്ന ഉപഘടകങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു.

**a) മെഡിക്കൽ/എഞ്ചിനീയറിംഗ്,ബാങ്കിംഗ്, സിവിൽ സർവ്വീസ്, UGC/JRF, GATE/MAT പരീക്ഷാ പരിശീലന ധനസഹായം, നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരിശീലനത്തിന് ധനസഹായം.**

വിദ്യാസമ്പന്നരായപിന്നാക്ക വിഭാഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് പ്രചോദനം നൽകുകയും അവരുടെയോഗ്യതയ്ക്കനുസരിച്ചുള്ള ജോലി ലഭിക്കുന്നതിനായി അവർക്ക് പ്രോത്സാഹനംനൽകുകയും ചെയ്താൽ അവരുടെ കഴിവുകൾ മികച്ച രീതിയിൽ പ്രയോജനപ്പെടുത്താൻകഴിയും. മികച്ച ഉദ്യോഗം കരസ്ഥമാക്കുന്നതിനായി മെഡിക്കൽ/ എഞ്ചിനിയറിങ്എൻട്രൻസ്, ബാങ്കിങ് സർവ്വീസ്, സിവിൽസർവ്വീസ്, UGC/NET/JRF, GATE/MAT,IELTS/TOEFL/OET/NCLEX തുടങ്ങിയ വിവിധ മത്സര പരീക്ഷാപരിശീലനങ്ങൾക്ക് ധനസഹായംഅനുവദിക്കുന്ന പദ്ധതിയാണിത്.

| പരിശീലന ഇനം | കുടുംബ വാർഷിക വരുമാനം | പരമാവധി ട്യൂഷൻ ഫീസ് | മെയിന്റനൻസ് അലവൻസ് | ആകെ അനുവദിക്കുന്ന പരമാവധി തുക |
|---|---|---|---|---|
| മെഡിക്കൽ/ എഞ്ചിനീയറിംഗ് എൻട്രൻസ് | 2 ലക്ഷം | 20000/- | 10000/- | 30000/- |
| ബാങ്കിംഗ് | 2 ലക്ഷം | 10000/- | 10000/- | 20000/- |
| സിവിൽ സർവ്വീസ് | 4.5 ലക്ഷം | 15000/- | 10000/- | 25000/- |
| UGC/JRF,GATE/MAT | 2.5 ലക്ഷം | 15000/- | 10000/- | 25000/- |
| IELTS/TOEFL/OET/NCLEX | 2.5 ലക്ഷം | - | - | 14000/- |

**b)ഒ.ബി.സി പ്രൊഫഷണൽസിനുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹകരണത്തോടെ നടപ്പിലാക്കുന്നതിനായി 2017-18 ൽ തുടക്കമിട്ട ഈ പദ്ധതി പ്രകാരം,ഒ.ബി.സി വിഭാഗത്തിൽപ്പെട്ട പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ് സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. വായ്പാ തുകയുടെ 20% (പരമാവധി 2 ലക്ഷം രൂപ) പിന്നാക്ക വിഭാഗ വികസന വകുപ്പ് സബ്സിഡി ആയി നൽകുന്നു.

**c)ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്കുള്ള സ്വയം തൊഴിൽ വായ്പ**

പിന്നാക്ക വിഭാഗ വികസന വകുപ്പും, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷനും സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതി പ്രകാരം ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള മറ്റ് പിന്നാക്ക വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നു. 2020-21 മുതൽ എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമിന്റെ പുതിയ ഘടകമായി ഉൾപ്പെടുത്തി പ്രാവർത്തികമാക്കി വരുന്നു.

സമയബന്ധിതമായി തവണ തുക തിരിച്ചടയ്ക്കുന്നവർക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് വായ്പാ തുകയുടെ 50%(പരമാവധി 25,000/-രൂപ) സബ്സിഡി ആയി നൽകുന്നു.

d).ആട്ടോമൊബൈൽ മേഖലയിൽ തൊഴിൽ പരിശീലനം

ഓട്ടോമൊബൈൽ, ട്രാവൽ ടൂറിസം, ലോജിസ്റ്റിക്സ്, ഹോട്ടൽ മാനേജ്മെന്റ്, ടോട്ടൽ സ്റ്റേഷൻ സർവ്വേ, പോളിമർ ടെക്നോളജി തുടങ്ങിയ സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സർക്കാർ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ പരിശീലന ചെലവുകളും പ്രതിമാസ സ്റ്റൈപെന്റും തൊഴിലന്വേഷകർക്ക് നല്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അനുയോജ്യമായ തൊഴിലുകൾ ഏജൻസി നല്കുന്നുവെന്ന് ഉറപ്പാക്കണം.പരിശീലന ചെലവിനായി ഒരാൾക്ക് പ്രതിമാസം പരമാവധി 8,000/- രൂപ വീതം 10 മാസത്തേക്ക് നൽകുവാൻ ഉദ്ദേശിക്കുന്നു.

ꟷ| പരമ്പരാഗത തൊഴിലുകൾക്കുള്ള സഹായം

ഈ പദ്ധതിയിൽ താഴെ പറയുന്ന മൂന്ന് ഉപപദ്ധതികൾ ഉൾപ്പെടുത്തിയിരിക്കുന്നു.

a)പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായം

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന ഈ പദ്ധതി പ്രകാരംപരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്ക് തൊഴിൽ നവീകരിക്കുന്നതിനും യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും വേണ്ടി 50,000/- രൂപ വീതം ധനസഹായം നൽകുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്.കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. ശരാശരി 110 പേർക്ക് ഈ പദ്ധതി പ്രകാരം വർഷം തോറും ആനുകൂല്യമനുവദിച്ചു വരുന്നു.

b)പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ധനസഹായം

പരമ്പരാഗത ബാർബർ തൊഴിലാളികൾക്ക് ബാർബർഷോപ്പ് നവീകരിക്കുന്നതിന് പരമാവധി 25000/- രൂപ വരെ 2 ഗഡുക്കളായി ഗ്രാന്റ് അനുവദിക്കുന്ന ഈ പദ്ധതി 2015-16 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 60 വയസ്സുവരെയുള്ളവരാണ് ആനുകൂല്യത്തിന് അർഹരായിട്ടുള്ളത്. കുടുംബ വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ. ശരാശരി 250 പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായമനുവദിച്ചു വരുന്നു.

C) പരമ്പരാഗത കരകൌശല പണിക്കാർക്കുള്ള നൈപുണ്യ വികസനപരിശീലനത്തിനും ടൂൾകിറ്റിനുമുള്ള ധനസഹായം.

(ഈ പദ്ധതിയിൽ മൂന്ന് ഉപഘടകങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.)

i) <u>മറ്റു പിന്നാക്ക വിഭാഗത്തിലെ പരമ്പരാഗത കരകൗശല തൊഴിലാളികൾക്കുള്ള നൈപുണ്യ വികസന പരിശീലനവും പണി ആയുധങ്ങൾക്ക് ഗ്രാന്റും.</u>

കേരളത്തിലെ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കരകൌശല വിദഗ്ധർ/ കൈപ്പണിക്കാർ/ പൂർണ്ണ വൈദഗ്ധ്യം

ല്ലാത്ത തൊഴിലാളികൾ എന്നിവരുടെ വൈദഗ്ധ്യം

വർദ്ധിപ്പിക്കുക/ശക്തിപ്പെടുത്തുക എന്നതാണ് ഈ ഉപപദ്ധതിയുടെ ലക്ഷ്യം. ബന്ധപ്പെട്ട മേഖലയിൽ ഉയർന്ന നിലവാരത്തിലുള്ള നൈപുണ്യ പരിശീലനം നൽകുക, ടൂൾ കിറ്റുകൾ ഉൾപ്പെടെയുള്ള ആധുനിക യന്ത്രോപകരണങ്ങൾ വാങ്ങാനുള്ള സബ്സിഡി തുക അനുവദിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. വാർഷിക വരുമാന പരിധി 2.50 ലക്ഷം രൂപ വരെയുളളവർക്ക് ധനസഹായത്തിന് അർഹതയുണ്ട്. രണ്ടു തവണകളിലായി പരമാവധി 20,000/- രൂപ വരെ ഗുണഭോക്താക്കൾക്ക് നൽകുവാൻ ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നു. ലിംഗാധിഷ്ഠിത സ്ഥിതി വിവരക്കണക്കിന്റെ അടിസ്ഥാനത്തിൽ 20 ശതമാനം തുക സ്ത്രീകൾക്ക് ലഭിക്കുമെന്ന് കണക്കാക്കുന്നു.

ii) <u>ഇലക്ട്രിക്/സിഎൻജി ഓട്ടോ ടാക്സികൾ വാങ്ങുന്നതിനുള്ള സഹായം</u>

സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട നിരവധി ആളുകൾ ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവരാണ്. ഇന്ധനവിലയിലുണ്ടായ വൻ വർധനവ് അവരുടെ ഉപജീവനത്തെ സാരമായി ബാധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ വരുമാനം ഉണ്ടാക്കാൻ ന്യൂ ജനറേഷൻ ഇലക്ട്രിക്/സിഎൻജി വാഹനങ്ങളിലേക്ക് മാറുന്നതിന് അവർക്ക് സാമ്പത്തിക സഹായം ആവശ്യമാണ്. ന്യൂ ജനറേഷൻ ഇലക്ട്രിക്/സിഎൻജി വാഹനങ്ങൾ വാങ്ങാൻ നൽകുന്ന വാഹന വായ്പകൾക്ക് 20 ശതമാനമോ അല്ലെങ്കിൽ പരമാവധി 1 ലക്ഷം രൂപ വരെയോ സബ്സിഡി നൽകാനാണ് ഘടകം ലക്ഷ്യമിടുന്നത്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണനക്ഷേമ വികസന കോർപ്പറേഷൻ തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിലേക്ക് അർഹരായ അപേക്ഷകരെ വകുപ്പ് ശുപാർശ ചെയ്യുകയും ഈ കോർപ്പറേഷനുകളിൽ നിന്ന് അവർക്ക് വായ്പ നൽകുകയും ചെയ്യുന്നതാണ്. ടി പദ്ധതി 2023-24 മുതൽ നടപ്പാക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

iii) <u>പരമ്പരാഗത തൊഴിലധിഷ്ഠിത സമുദായങ്ങളുടെ ഉൽപ്പന്നങ്ങൾക്കായുള്ള വിപണന കേന്ദ്രങ്ങൾ</u>

സംസ്ഥാനത്തെ വിവിധ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സമുദായങ്ങളിൽ ഭൂരിഭാഗവും പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരാണ്. ഇവർ

വിപണിയിൽ കടുത്ത മത്സരം നേരിടുന്ന സാഹചര്യമാണുള്ളത്. അവർ അഭിമുഖീകരിക്കുന്ന വിപണന പ്രശ്നങ്ങൾ പരിഹരിച്ച് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പാക്കാനാണ് ഈ ഘടകം ഉദ്ദേശിക്കുന്നത്. പരമ്പരാഗത ഉൽപന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായി ജില്ലാ ആസ്ഥാനങ്ങളിൽ സ്ഥിരം സംവിധാനമൊരുക്കാൻ ഘടകം വിഭാവനം ചെയ്യുന്നു. സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പാക്കുക. മുനിസിപ്പാലിറ്റികളിൽ നിന്നും ലഭ്യമായ കെട്ടിടങ്ങൾ ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനും ഉതകുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തി വകുപ്പിൽ വിപണന കേന്ദ്രങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനും വിപണനത്തിനുമായുള്ള സ്റ്റാളുകൾ ആകർഷകമാക്കുക, നിർമ്മാണ കേന്ദ്രങ്ങളിൽ നിന്ന് ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നതിനു വാഹന സൗകര്യം ഒരുക്കുക, നിർമ്മാതാക്കളുടെ ഒരു ഡാറ്റാബേസ് ഉണ്ടാക്കുക. ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഒരു ഓൺലൈൻ പോർട്ടൽ തുടങ്ങുക എന്നിവയും ഈ ഉപപദ്ധതിയിൽ ഉൾപ്പെടുന്നു. ടി പദ്ധതി 2023-24 മുതൽ നടപ്പാക്കുന്നതിന് അനുമതി ലഭ്യമായിട്ടുണ്ട്.

## 7.കുംഭാര കോളനി അടിസ്ഥാന സൗകര്യ വികസന പദ്ധതി

പരമ്പരാഗത കളിമൺപാത്ര നിർമ്മാണ തൊഴിലാളികൾ അധിവസിക്കുന്ന കുംഭാര കോളനികളുടെ സമഗ്ര വികസനത്തിന് വേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണിത്. ഒരു കോളനിയ്ക്ക് 1 കോടി രൂപ എന്ന നിരക്കിലാണ് പദ്ധതി നടപ്പാക്കുന്നത്. വർക്ക് ഷെഡ്, ചൂള, കമ്മ്യൂണിറ്റി ഹാൾ, റോഡ് തുടങ്ങിയവയുടെ നിർമ്മാണം, കുടിവെള്ള പദ്ധതി തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. സംസ്ഥാനത്ത് ആദ്യമായി തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനിയെയാണ് ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത് നവീകരണം പൂർത്തീകരിച്ചിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.നടപ്പ് വർഷം മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭയിലെ എട്ടാം വാർഡിലെ കുംഭാര കോളനി, നിലമ്പൂർ നഗരസഭയിലെ അരുവാക്കോടെ കോളനി എന്നിവയെ തിരഞ്ഞെടുക്കുകയും പദ്ധതി പ്രവർത്തനങ്ങൾ പ്രാഥമികമായി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

അനുബന്ധം - 3

BCDIR/301/2020-B1

| ജില്ല: |
|---|

| അപേക്ഷാ നമ്പർ: (for office use) |
|---|

Break the Chain

ഫോട്ടോ

കേരള സർക്കാർ

## പിന്നാക്ക വിഭാഗ വികസന വകുപ്പ്

## പരമ്പരാഗത മൺപാത്ര നിർമ്മാണ തൊഴിലാളികൾക്കുള്ള ധനസഹായ പദ്ധതി 2020 – 21

### വ്യക്തികൾക്കുള്ള അപേക്ഷാ ഫാറം

| | | | |
|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | |
| 2 | അച്ഛൻ/അമ്മയുടെ പേര് | | |
| 3 | a) സ്ഥിരം മേൽവിലാസം<br><br>ഫോൺ നമ്പർ : | b) ഇപ്പോഴത്തെ മേൽവിലാസം<br><br>ഫോൺ നമ്പർ : | |
| 4 | സ്ത്രീ/പുരുഷൻ | | |
| 5 | അപേക്ഷകന്റെ / അപേക്ഷകയുടെ വയസ്സ്, ജനന തീയതി | | |
| 6 | (a) ജാതി (b) മതം | a) | b) |
| 7 | കുടുംബ വാർഷിക വരുമാനം | | |
| 8 | ആധാർ നമ്പർ | | |
| 9 | റേഷൻ കാർഡ് നമ്പർ (നിർബന്ധം) | APL | BPL |
| 10 | അപേക്ഷകന്റെ / അപേക്ഷകയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് നമ്പർ | | |
| 11 | ഐ.എഫ്.എസ്.സി | | |
| 12 | അപേക്ഷകൻ താമസിക്കുന്ന തദ്ദേശ ഭരണ പ്രദേശം, താലൂക്ക് | | |
| 13 | നിയമസഭാ മണ്ഡലം | | |
| 14 | മൺപാത്ര നിർമ്മാണമാണെങ്കിൽ, ഉല്പാദിപ്പിക്കാനുദ്ദേശിക്കുന്ന ഉല്പന്നങ്ങളുടെ വിവരങ്ങൾ | | |

| | | |
|---|---|---|
| 15 | നിർമ്മാണ യൂണിറ്റ് തുടങ്ങുന്ന സ്ഥലം | |
| | തദ്ദേശ ഭരണ പ്രദേശം | |
| | വാർഡ് നമ്പർ | |
| | താലൂക്ക് | |
| | ജില്ല | |
| 16 | അപേക്ഷകന്റെ പേരിൽ ഇപ്പോൾ ഏതെങ്കിലും മൺപാത്ര വ്യവസായ യൂണിറ്റുകൾ നിലവിലുണ്ടോ? (ഉണ്ടെങ്കിൽ അതിന്റെ വിശദാംശം) | |
| 17 | മൺപാത്ര നിർമ്മാണ യൂണിറ്റ് അപേക്ഷകന്റെ സ്വന്തം കെട്ടിടത്തിലല്ല എങ്കിൽ പ്രസ്തുത കെട്ടിടത്തിന്റെ മേൽവിലാസം | |
| 18 | ടി വ്യവസായ സംരഭത്തിന് ഖാദി ബോർഡിൽ നിന്നോ മറ്റേതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ മുമ്പ് വായ്പയോ സബ്സിഡിയോ ലഭ്യമായിട്ടുണ്ടോ? (ഉണ്ടെങ്കിൽ അതിന്റെ വിശദാംശം) | |
| 19 | കുടുംബാംഗങ്ങളുടെ എണ്ണം (റേഷൻ കാർഡിന്റെ പകർപ്പ് സമർപ്പിക്കണം) | |
| 20 | നിർദ്ദിഷ്ട യൂണിറ്റിന് ആവശ്യമായ പദ്ധതി ചെലവുകൾ | |
| a | ഷെഡ്ഡ് | |
| b | ഉപകരണങ്ങൾ / യന്ത്രസാമഗ്രികൾ | |
| c | മറ്റ് ചെലവുകൾ | |
| d | പ്രവർത്തന മൂലധനം | |
| | ആകെ ചെലവ്(a+b+c+d) | |
| 21 | സ്വന്തം മുതൽമുടക്ക്/ബാങ്ക് വായ്പ | |
| 22 | ബാങ്ക് വായ്പയാണെങ്കിൽ ബാങ്കിന്റെ പേരും മേൽ വിലാസവും | |
| 23 | 2018,2019 വർഷങ്ങളിലെ പ്രളയ ബാധിതനാണോ? (ആണെങ്കിൽ ആയത് സംബന്ധിച്ച തദ്ദേശ സ്വയം ഭരണ സെക്രട്ടറിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) | |

## സത്യപ്രസ്താവന

മുകളിൽ പറഞ്ഞിട്ടുള്ള വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ ടി പദ്ധതി പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും നാളിതുവരെ ധനസഹായം ലഭിച്ചിട്ടില്ലായെന്നും ഞാൻ ഇതിനാൽ പ്രസ്താവിച്ചുകൊള്ളുന്നു.

സ്ഥലം

തീയതി

അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. ജാതി സർട്ടിഫിക്കറ്റ്(വില്ലേജാഫീസറിൽ നിന്നും)
2. വരുമാന സർട്ടിഫിക്കറ്റ്(വില്ലേജാഫീസറിൽ നിന്നും)
3. വസ്തുവിന്റെ കൈവശാവകാശ സർട്ടിഫിക്കറ്റ്(വില്ലേജാഫീസറിൽ നിന്നും)
4. നിലവിൽ മൺപാത്ര നിർമ്മാണ തൊഴിൽ ചെയ്യുന്നവരാണെന്നുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം
5. തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും മൺപാത്ര നിർമ്മാണ ധനസഹായം ലഭിച്ചിട്ടില്ലായെന്ന ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറി നല്കുന്ന സാക്ഷ്യപത്രം
6. ഖാദി & വില്ലേജ് ഇൻഡസ്ട്രീയിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ലായെന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം
7. പ്രോജക്ട് റിപ്പോർട്ട്.
8. അപേക്ഷകൻ മൺപാത്ര നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഫോട്ടോ.
9. അപേക്ഷകന്റെ പേരിൽ - IFS Code ഉള്ള പാസ് ബുക്കിന്റെ പകർപ്പ്.
10. അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻ കാർഡിന്റെ പകർപ്പ്.
11. തിരിച്ചറിയൽ കാർഡ്/ആധാർ കാർഡിന്റെ പകർപ്പ്
12. 2018, 2019 വർഷങ്ങളിലെ പ്രളയം മൂലം നഷ്ടം സംഭവിച്ചയാളാണെങ്കിൽ ആയത് സംബന്ധിച്ച തദ്ദേശ സ്വയം ഭരണ സെക്രട്ടറിയുടെ സാക്ഷ്യപത്രം അല്ലെങ്കിൽ സർക്കാരിൽനിന്നും ധനസഹായം ലഭ്യമായതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ്/രേഖ ഹാജരാക്കണം.

*അപേക്ഷയും അനുബന്ധ രേഖകളും നൂല് ഉപയോഗിച്ച് തുന്നിക്കെട്ടി 32cm X 25cm വലുപ്പത്തിലുള്ള കവറിൽ അയയ്ക്കേണ്ടതാണ്.

*മൺപാത്ര വിപണനം മാത്രം നടത്തുന്നവർ അപേക്ഷിക്കേണ്ടതില്ല.

അപേക്ഷ അയച്ച് നൽകേണ്ട മേൽവിലാസം ചുവടെ ചേർക്കുന്നു. അവസാന തീയതി 10.09.2020.

| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലെ അപേക്ഷകൾ | പാലക്കാട് , മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലെ അപേക്ഷകൾ |
|---|---|
| മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം<br>പിൻ-682030, ഫോൺ : 0484-2429130 | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, കോഴിക്കോട് - 673020<br>ഫോൺ : 0495 -2377786 |

**********************

Break the Chain

കേരള സർക്കാർ

ജില്ല :

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## അഭിഭാഷക ധനസഹായ പദ്ധതി - 2021-22
## അപേക്ഷ ഫോം

1. അപേക്ഷകന്റെ പേര് :
2. മതം / ജാതി* :
3. വയസ്സ്
4. ജനന തീയതി
5. ആൺ/പെൺ
6. കുടുംബ വാർഷിക വരുമാനം*
7. APL / BPL
8. റേഷൻ കാർഡ്
9.

| സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ മേൽവിലാസം (ജില്ല, പിൻകോഡ് എന്നിവ സഹിതം) |
|---|---|
| | |
| ഫോൺ നം - | ഫോൺ നം. - |
| ഇമെയിൽ - | |

10. ആധാർ നമ്പർ :

11. വിദ്യാഭ്യാസ യോഗ്യത* (ഹയർ സെക്കന്ററി മുതൽ)

| ക്രമ നം. | പരീക്ഷയുടെ പേര് | ബോർഡ്/ യൂണിവേഴ്സിറ്റി | പാസ്സായ വർഷം | ലഭിച്ച ഗ്രേഡ്/ മാർക്ക്/ശതമാനം |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

12. ബാർ കൗൺസിൽ എൻറോൾമെന്റ് നമ്പറും തീയതിയും * :

| | |
|---|---|
| | |

13. വക്കീലായി പ്രാക്ടീസ് ആരംഭിച്ചുവെങ്കിൽ. : ആരംഭിച്ച തീയതി*

14. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

1. ബാങ്കിന്റെ പേര് :
2. ബ്രാഞ്ച് :
3. അക്കൗണ്ട് ഹോൾഡറുടെ പേര് :
4. അക്കൗണ്ട് നമ്പർ :
5. ഐ.എഫ്.എസ്.സി :

## സത്യപ്രസ്താവന

കേരള ബാർ കൗൺസിലിൽ ........................... തീയതിയിൽ ........................................... നമ്പറായി എൻറോൾ ചെയ്തിട്ടുള്ള ...................................................................................... എന്ന ഞാൻ. ........................................................................................ (മതം/ജാതി) എന്ന പിന്നാക്ക സമുദായത്തിൽ ഉൾപ്പെട്ടയാളാണെന്നും, വക്കീലായി പ്രാക്ടീസ് ആരംഭിച്ചിട്ടുള്ള / ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തിയാണെന്നും എന്റെ കുടുംബ വാർഷിക വരുമാനം ................................................ രൂപ ആണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ പേരും ഒപ്പും

* സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, സീനിയർ വക്കീലിന്റെ/ അഡ്വക്കേറ്റ് അസ്സോസിയേഷന്റെ സാക്ഷ്യപത്രം എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

---

ഓഫീസ് ആവശ്യത്തിന്

---

| ജില്ല : | |
|---|---|
| **അപേക്ഷാ നമ്പർ:** (For Office use only) | |

കേരളസർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്ക് നൈപുണ്യ വികസന പരിശീലനവും, പണി ആയുധങ്ങൾക്ക് ഗ്രാന്റും നൽകുന്ന പദ്ധതി

ഫോട്ടോ

### അപേക്ഷാ ഫാറം

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര് | |
| 2. | അപേക്ഷകന്റെ സ്ഥിര മേൽവിലാസം | |
| | മൊബൈൽ/ഫോൺ നമ്പർ | |
| 3. | അപേക്ഷകന്റെ / അപേക്ഷകയുടെ മതം,ജാതി | |
| 4. | സ്ത്രീ /പുരുഷൻ | |
| 5. | ജനനതീയതി, പ്രായം | |
| 6. | വാർഷികവരുമാനം | |
| 7. | അപേക്ഷകൻ/അപേക്ഷക താമസിക്കുന്ന തദ്ദേശഭരണ പ്രദേശം, വില്ലേജ്, താലൂക്ക് | ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
| | | വില്ലേജ് : |
| | | താലൂക്ക് : |
| 8. | ആധാർ നമ്പർ | |
| | റേഷൻകാർഡ് നമ്പർ | |
| | ബാങ്ക്അക്കൗണ്ട് നമ്പർ (കുറഞ്ഞത് 10 അക്കം) | |
| | ബാങ്കിന്റെ പേര്, ബ്രാഞ്ച് | |
| | IFS Code | |
| 9. | നിയമസഭാമണ്ഡലം | |
| 10. | നിലവിൽ ചെയ്തുകൊണ്ടിരിക്കുന്ന തൊഴിൽ | |
| 11. | തൊഴിൽ സ്ഥലം/യൂണിറ്റ് സ്ഥിതി ചെയ്യുന്ന സ്ഥലം, തദ്ദേശഭരണ പ്രദേശം, വാർഡ് നമ്പർ, താലൂക്ക്, ജില്ല | |

| | | |
|---|---|---|
| 13. | ടി സംരംഭത്തിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നോ മറ്റേതെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ KADCO ൽ നിന്നോ വായ്പയോ സബ്സിഡിയോ ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ നിന്ന് പരിശീലനമോ ലഭ്യമായിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ. | |

## സത്യപ്രസ്താവന

മുകളിൽ രേഖപ്പെടുത്തിയിട്ടുളള വസ്തുതകൾ എന്റെ അറിവിലും വിശ്വാസത്തിലും സത്യമാണെന്നും, എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ ഈ ആവശ്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നോ, KADCO ൽ നിന്നോ സർക്കാർ വകുപ്പുകളിൽ നിന്നോ നാളിതുവരെ ധനസഹായം ലഭിച്ചിട്ടില്ലായെന്നും ഞാൻ ഇതിനാൽ പ്രസ്താവിച്ചുകൊളളുന്നു.

സ്ഥലം :

തീയതി: അപേക്ഷകന്റെ/അപേക്ഷകയുടെ പേരും ഒപ്പും

---

## പിന്നാക്ക സമുദായ വികസന വകുപ്പ് ഉദ്യോഗസ്ഥന്റെ വെരിഫിക്കേഷൻ റിപ്പോർട്ട് (ആഫീസ് ഉപയോഗത്തിന് മാത്രം)

---

ടി അപേക്ഷയും, അനുബന്ധരേഖകളും ടിയാന്റെ തൊഴിൽ സ്ഥലവും പരിശോധിച്ചതിൽ നിന്നും ടിയാൾക്ക് ഈ പദ്ധതി പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ട് / അർഹതയില്ല എന്ന് ബോധ്യപ്പെട്ടിട്ടുണ്ട്

സ്ഥലം :

തീയതി : വെരിഫിക്കേഷൻ നടത്തിയ ഉദ്യോഗസ്ഥന്റെ പേരും ഒപ്പും

---

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

1) ജാതിസർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നും)
2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജാഫീസറിൽ നിന്നും)
3) പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (സ്കൂൾ സർട്ടിഫിക്കറ്റിന്റെ പകർപ്പ് / ആധാർ കാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്)/ മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രം).
4) നിലവിൽ പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണെന്നുളള തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ പ്രസിഡന്റ്/സെക്രട്ടറി നൽകുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റ്
5) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ടി ആവശ്യത്തിന് ധനസഹായം ലഭിച്ചിട്ടില്ലായെന്ന ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി നൽകുന്ന സാക്ഷ്യപത്രം. (മാതൃക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു)
6) ആവശ്യമായ ഉപകരണങ്ങളുടേയും, ആയതിന്റെ ചെലവിന്റേയും വിശദവിവരങ്ങൾ (പ്രൊഫോർമ ഇൻവോയ്സ് സഹിതം).
7) അപേക്ഷകന്റെ പേരിൽ ഉളള ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് (IFS Code, അക്കൗണ്ട് നമ്പർ എന്നിവ വ്യക്തമായിരിക്കണം)
8) അപേക്ഷകൻ ഉൾപ്പെടുന്ന റേഷൻകാർഡിന്റെ പകർപ്പ്.
9) തിരിച്ചറിയൽകാർഡ് / ആധാർകാർഡിന്റെ പകർപ്പ്.
10) തൊഴിൽ പരിശീലനം ലഭിച്ചിട്ടുണ്ടെങ്കിൽ അത്സംബന്ധിച്ച രേഖ

### അപേക്ഷ അയക്കേണ്ട വിലാസം

| കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽപ്പെട്ട അപേക്ഷകർ | എറണാകുളം, കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ അപേക്ഷകർ |
|---|---|
| ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്, സിവിൽസ്റ്റേഷൻ, ഒന്നാം നില, കോഴിക്കോട് - 673020 | ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക സമുദായവികസന വകുപ്പ്, രണ്ടാം നില, സിവിൽസ്റ്റേഷൻ, കാക്കനാട്, എറണാകുളം-682030 |

അപേക്ഷാ നമ്പർ:
(For Office Use)

കേരള സർക്കാർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്

# കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പദ്ധതി പരിശീലനത്തിനുള്ള അപേക്ഷ

1. അപേക്ഷകന്റെ പേര് :
2. പരിശീലനത്തിന് ചേരുന്ന കോഴ്സ് : ആട്ടോമൊബൈൽ പരിശീലനം
3. മതം /ജാതി :
4. വയസ്സ്
5. ആൺ/പെൺ
6. APL/BPL
7. ജനന തീയതി
8. കുടുംബ വാർഷികവരുമാനം
9. റേഷൻ കാർഡ് നമ്പർ
10.

| സ്ഥിര മേൽ വിലാസം | ഇപ്പോഴത്തെ മേൽവിലാസം (ജില്ല, പിൻകോഡ് എന്നിവ സഹിതം) |
|---|---|
| | |
| [illegible] | ഫോൺ നമ്പർ : (എസ്ടിഡി കോഡ് സഹിതം) |
| ഇ-മെയിൽ([illegible]) | |

11. ആധാർ നമ്പർ

12. സാങ്കേതിക വിദ്യാഭ്യാസം നേടിയ സ്ഥാപനം, കോഴ്സ് :

13. വിദ്യാഭ്യാസ യോഗ്യത (From SSLC/HSE/VHSE etc)

| ക്രമ നമ്പർ | പരീക്ഷയുടെ പേര് | വിഷയം/ ട്രേഡ് | പരീക്ഷബോർഡ് | പാസ്സായ വർഷം | ലഭിച്ച ഗ്രേഡ്/ മാർക്ക് ശതമാനത്തിൽ |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

(മറുപുറം)

14.ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ -

1) ബാങ്കിന്റെ പേര് :
2) ബ്രാഞ്ച് :
3) അക്കൗണ്ട് ഹോൾഡറുടെ പേര് :
4) അക്കൗണ്ട് നമ്പർ :
5) IFS കോഡ് :

## സത്യപ്രസ്താവന

മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ഉത്തമവിശ്വാസത്തിലും പൂർണ്ണമായും ശരിയാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു. തെരഞ്ഞെടുക്കപ്പെട്ടാൽ സർക്കാരിന്റെയും സ്ഥാപനത്തിന്റെയും നിർദ്ദേശങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി പരിശീലനം പൂർത്തിയാക്കുമെന്നും തൊഴിൽ നിർവ്വഹിക്കുമെന്നും ഉറപ്പു നൽകുന്നു.

സ്ഥലം :
തീയതി : അപേക്ഷകന്റെ പേരും ഒപ്പും

## അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ

1. ജാതി സർട്ടിഫിക്കറ്റ്
2. വരുമാന സർട്ടിഫിക്കറ്റ്
3. വിദ്യാഭ്യാസ യോഗ്യത

(1–3: സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ)

| | |
|---|---|
| ജില്ല : | അപേക്ഷാ നമ്പർ : |

കേരള സർക്കാർ

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

## വിശ്വകർമ്മജർക്കുള്ള പെൻഷൻ - അപേക്ഷ

ഇവിടെ ഫോട്ടോ പതിക്കുക

1. അപേക്ഷകന്റെ പേര് :
2. മതം / ജാതി/ഉപജാതി* :
3. വയസ്സ്
4. ജനന തീയതി
5. ആൺ / പെൺ
6. കുടുംബ വാർഷിക വരുമാനം*
7. APL / BPL
8. റേഷൻ കാർഡ് നമ്പർ*
9.

| സ്ഥിര മേൽവിലാസം | ഇപ്പോഴത്തെ മേൽവിലാസം (ജില്ല, പിൻകോഡ് എന്നിവ സഹിതം) |
|---|---|
| | |
| മൊബൈൽ നമ്പർ : | ഫോൺ നമ്പർ : |

10. ആധാർ നമ്പർ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |

11.

| | | |
|---|---|---|
| താലൂക്ക് | | |
| ബ്ലോക്ക് | | |
| പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷന്റെ പേര് | | |
| വാർഡ് നമ്പരും, വീട്ട് നമ്പരും | | |
| നിയമസഭാ മണ്ഡലം | | |

12. നിലവിൽ ഏതെങ്കിലും പെൻഷൻ കൈപ്പറ്റുന്നുണ്ടോ ഉണ്ടെങ്കിൽ ഏത് ഏജൻസിയിൽ നിന്ന് ലഭിക്കുന്നു തുക തുടങ്ങിയ വിശദാംശങ്ങൾ

| ഉണ്ട് | ഇല്ല |
|---|---|

13. ബാങ്ക് അക്കൗണ്ട് സംബന്ധിച്ച വിവരങ്ങൾ

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| ബാങ്കിന്റെ പേര് | | | | | | | | | | | |
| ബ്രാഞ്ച് | | | | | | | | | | | |
| അക്കൗണ്ട് ഹോൾഡറുടെ പേര് (ഇംഗ്ലീഷിൽ) | | | | | | | | | | | |
| അക്കൗണ്ട് നമ്പർ | | | | | | | | | | | |
| IFS കോഡ് | | | | | | | | | | | |

14. മകൻ/മകൾ/ഭാര്യ/ഭർത്താവ്/ബന്ധുവിന്റെ പേര് ബന്ധം, മൊബൈൽ നമ്പർ

## സത്യപ്രസ്താവന

അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന എല്ലാ വിവരങ്ങളും സത്യമാണെന്നും, എനിക്ക് മറ്റൊരു വിധ ക്ഷേമ പെൻഷനുകളും ലഭിക്കുന്നില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഏതെങ്കിലും വിവരങ്ങൾ വ്യാജമാണെന്ന് തെളിയുന്ന പക്ഷം എനിക്ക് ലഭ്യമാകുന്ന മുഴുവൻ തുകയും തിരിച്ചടയ്ക്കാമെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി : അപേക്ഷകന്റെ പേരും ഒപ്പും

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

മറ്റ് ക്ഷേമ പെൻഷനുകൾ ഒന്നും ലഭിക്കുന്നില്ലായെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയിൽ നിന്നുള്ള സാക്ഷ്യപത്രം (മാതൃക അനുബന്ധമായി ചേർക്കുന്നു) / റേഷൻ കാർഡിന്റെ ആദ്യ പേജുകളുടെ പകർപ്പ് / ജാതി സർട്ടിഫിക്കറ്റ് / വരുമാന സർട്ടിഫിക്കറ്റ് /വയസ്സ് തെളിയിക്കുന്ന രേഖ/ ആധാർ കാർഡിന്റെ പകർപ്പ് / അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് (അക്കൗണ്ട് നമ്പർ, ഐ.എഫ്.എസ്.സി എന്നിവ വ്യക്തമായിരിക്കണം)

ഓഫീസ് ആവശ്യത്തിന്

(മറുപുറം)

| അയക്കേണ്ട വിലാസം | |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലെ അപേക്ഷകർ | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>റ്റി.കെ.മാധവൻ മെമ്മോറിയൽ ബിൽഡിംഗ്, മുണ്ടയ്ക്കൽ,<br>കൊല്ലം - 691001 |
| ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലെ അപേക്ഷകർ | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (രണ്ടാം നില), കാക്കനാട്,<br>എറണാകുളം - 682030 |
| തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ അപേക്ഷകർ | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>KTV ടവേഴ്സ്, യാക്കര, പാലക്കാട് - 678001 |
| കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിലെ അപേക്ഷകർ | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ (ഒന്നാം നില), കോഴിക്കോട് - 673020 |

അനുബന്ധം

# സാക്ഷ്യപത്രം

.......................................................... ജില്ലയിൽ ...................................................... താലൂക്കിൽ

................................................... വില്ലേജിൽ ..............................................................ദേശത്ത്

സ്ഥിരതാമസക്കാരനായ ...................................................................................................

..................................................................(അപേക്ഷകന്റെ പേരും മേൽവിലാസവും) എന്ന വ്യക്തി പരമ്പരാഗത വിശ്വകർമ്മ വിഭാഗത്തിൽപ്പെട്ടയാളാണെന്നും, ടി തൊഴിലിൽ ഏർപ്പെട്ടിരുന്നുവെന്നും, ടിയാൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്ന് മറ്റ് ക്ഷേമ പെൻഷനുകളൊന്നും തന്നെ ലഭിക്കുന്നില്ല എന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. ഈ സാക്ഷ്യപത്രം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ വിശ്വകമ്മ പെൻഷൻ പദ്ധതി പ്രകാരം അപേക്ഷിക്കുന്നതിന് വേണ്ടി മാത്രം അനുവദിക്കുന്നു.

സ്ഥലം : ..................................
തീയതി : ..................................

ആഫീസ് സീൽ

സെക്രട്ടറിയുടെ
പേരും ഒപ്പും ഡെസിഗ്നേഷൻ സീലും*

* ആഫീസ് സീലും ഡെസിഗ്നേഷൻ സീലും പതിക്കാത്ത സാക്ഷ്യപത്രങ്ങൾ സ്വീകരിക്കുന്നതല്ല

പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം –695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - bcddkerala@gmail.com, വെബ്സൈറ്റ് www.bcdd.kerala.gov.in

BCDIR/711/2023(1)-B3 തീയതി :04.10.2023

ഭരണഭാഷ- മാതൃഭാഷ

## വിജ്ഞാപനം

## ബാർബർഷോപ്പ് നവീകരണ പദ്ധതി 2023-24

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തുവരുന്ന മറ്റ് പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന ബാർബർ ഷോപ്പ് നവീകരണത്തിനുള്ള ധനസഹായം എന്ന പദ്ധതിക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകർ സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ (ഒ.ബി.സി) ഉൾപ്പെട്ടവരും പരമ്പരാഗതമായി ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം.

അപേക്ഷകർക്കുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

- അപേക്ഷകൻ സംസ്ഥാനത്തെ മറ്റ് പിന്നാക്ക സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട സമുദായാംഗമായിരിക്കണം.
- അപേക്ഷകൻ കേരളീയനായിരിക്കണം.
- അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ അധികരിക്കരുത്.
- അർഹരായ അപേക്ഷകർക്കുള്ള പരമാവധി ഗ്രാന്റ് 25,000/- രൂപ ആയിരിക്കും.
- അപേക്ഷ സമർപ്പിക്കുന്നതിനുള്ള പരമാവധി പ്രായപരിധി 60 വയസ്സാണ്.
- ഇതേ പദ്ധതി പ്രകാരം മുൻ വർഷങ്ങളിൽ ആനുകൂല്യം ലഭിച്ചവരോ, അവരുടെ കുടുംബാംഗങ്ങളോ അപേക്ഷിക്കേണ്ടതില്ല.
- ഗ്രാമപ്രദേശങ്ങളിൽ ബാർബർഷോപ്പ് നടത്തുന്നവർക്ക് മുൻഗണന നൽകുന്നതാണ്.
- എല്ലാ വിധ സജ്ജീകരണങ്ങളോടും കൂടിയ ബാർബർഷോപ്പുകൾക്ക് ആനുകൂല്യം അനുവദിക്കുന്നതല്ല.
- അപേക്ഷ ഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.
- പാസ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിച്ച പൂരിപ്പിച്ച അപേക്ഷയും അനുബന്ധ രേഖകളും സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് 31.10.2023 തീയതിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്.
- തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കരാറിൽ ഏർപ്പെട്ടതിനുശേഷം 15,000/- രൂപ ആദ്യ ഗഡുവായി നൽകുന്നതും ആകെ 50,000/- രൂപയിൽ കുറയാത്ത വൌച്ചർ/ ബിൽ ഹാജരാക്കുന്ന മുറയ്ക്ക് ഫണ്ടിൻറെ ലഭ്യതയുടെ അടിസ്ഥാനത്തിൽ പരമാവധി 25,000/- രൂപ അനുവദിക്കുന്നതായിരിക്കും.

അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ ചുവടെ ചേർക്കുന്നു.

- ജാതി തെളിയിക്കുന്ന രേഖ (ജാതി സർട്ടിഫിക്കറ്റ്/നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്/

എസ്.എസ്.എൽ.സി)

- വരുമാന സർട്ടിഫിക്കറ്റ്
- തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (തദ്ദേശ സ്വയം ഭരണ സ്ഥാപന ചെയർമാൻ/പ്രസിഡന്റിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്)
- റേഷൻ കാർഡിന്റെ പകർപ്പ്
- സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ
- ആധാർ കാർഡിന്റെ പകർപ്പ്
- കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/വാടക കരാറിന്റെ പകർപ്പ്
- ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്

<u>അപേക്ഷയിന്മേൽ തദ്ദേശ സ്വയംഭരണ സ്ഥാപന അധികൃതർ സ്വീകരിക്കേണ്ട നടപടികൾ</u>

സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അപേക്ഷാഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം അർഹമായ മാർക്ക് നൽകി ആകെ ലഭ്യമായ അപേക്ഷകരുടെ മുൻഗണനാ ക്രമം നിശ്ചയിച്ചതിനു ശേഷം ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയിൽ ടി പട്ടിക അംഗീകാര വിധേയമാക്കി, പട്ടികയും അപേക്ഷകളും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്. മേൽ പ്രകാരമുള്ള മുൻഗണനാ പട്ടിക അനുസരിച്ചായിരിക്കും ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയെന്നതിനാൽ പരമാവധി കൃത്യമായ പട്ടിക തയ്യാറാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/ മുൻസിപ്പാലിറ്റി/ കോർപ്പറേഷനുകളിൽ അപേക്ഷ സ്വീകരിക്കേണ്ട അവസാന തീയതി 31.10.2023. തദ്ദേശ സ്വയം ഭരണ സെക്രട്ടറിമാർ അപേക്ഷകളും മുൻഗണനാ പട്ടികകളും ചുവടെ ചേർക്കുന്ന മേൽ വിലാസത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് 15.11.2023 നകം ലഭ്യമാക്കേണ്ടതാണ്.

| തദ്ദേശ സ്വയം ഭരണ സ്ഥാപനം സ്ഥിതി ചെയ്യുന്ന ജില്ല | അപേക്ഷ അയക്കേണ്ട ആഫീസ് മേൽ വിലാസം |
|---|---|
| തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>ടി.കെ മാധവൻ മെമ്മോറിയൽ ബിൽഡിംഗ്, കപ്പലണ്ടി മുക്ക്, മുണ്ടയ്ക്കൽ<br>കൊല്ലം-691001<br>ഫോൺ- 0474-2914417 |
| ആലപ്പുഴ, എറണാകുളം,കോട്ടയം, ഇടുക്കി | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ, രണ്ടാം നില, കാക്കനാട്<br>എറണാകുളം - 682030<br>ഫോൺ - 0484 2429130 |
| തൃശ്ശൂർ, പാലക്കാട്, മലപ്പുറം | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>കെ.ടി.വി ടവേഴ്സ്, യാക്കര<br>പാലക്കാട്-678001 |

| | |
|---|---|
| | ഫോൺ-0491-2505663 |
| കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് | മേഖലാ ഡെപ്യൂട്ടി ഡയറക്ടർ<br>പിന്നാക്ക വിഭാഗ വികസന വകുപ്പ്<br>സിവിൽ സ്റ്റേഷൻ<br>കോഴിക്കോട് - 673020<br>ഫോൺ - 0495-2377786 |

വിശ്വസ്തതയോടെ,

(ഒപ്പ്)
ഡയറക്ടർ

<u>പകർപ്പ്</u>

1. ഗവ.അഡീഷണൽ ചീഫ് സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
3. ഗവ. പ്രിൻസിപ്പൽ ഡയറക്ടർ, ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പ് (ഉപരിപത്രം സഹിതം)
4. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
5. ഡയറക്ടർ, എൽ.എസ്.ജി.ഡി, (റൂറൽ)(ഉപരിപത്രം സഹിതം)
6. ഡയറക്ടർ, എൽ.എസ്.ജി.ഡി, (അർബൻ)(ഉപരിപത്രം സഹിതം)
7. എല്ലാ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, പി.വി.വി.വ
8. മാനേജർ, ഐ.ടി വിഭാഗം - പി.വി.വി.വ
9. നോട്ടീസ് ബോർഡ്
10. കരുതൽ/അധികം

അംഗീകാരത്തോടെ

Signed by Rakhi P R
Date: 04-10-2023 16:22:56
Reason: Approved
സീനിയർ സൂപ്രണ്ട്

ഫോട്ടോ

കേരള സർക്കാർ

പിന്നാക്ക വിഭാഗ വികസന വകുപ്പ്

## ബാർബർഷോപ്പ് നവീകരണ ഗ്രാന്റിനുള്ള അപേക്ഷാ ഫാറം 2023-2024

| | | | | |
|---|---|---|---|---|
| 1 | അപേക്ഷകന്റെ പേര് | | | |
| 2 | അച്ഛന്റെ/അമ്മയുടെ പേര് | | | |
| 3 | a) സ്ഥിരം മേൽ വിലാസം<br><br>ഫോൺ നമ്പർ- | b) ഇപ്പോഴത്തെ മേൽ വിലാസം<br><br>ഫോൺ നമ്പർ- | | |
| 4 | വയസ്സ്/ജനനതീയതി | | | |
| 5 | a) ജാതി b) മതം | a) | b) | |
| 6 | കുടുംബ വാർഷിക വരുമാനം | | | |
| 7 | ആധാർ നമ്പർ | | | |
| 8 | റേഷൻ കാർഡ് നമ്പർ (നിർബന്ധം) | | APL | BPL |
| 9 | അപേക്ഷകൻ താമസിക്കുന്ന തദ്ദേശ ഭരണ പ്രദേശത്തിന്റെ പേര് | | | |
| 10 | നിയമസഭാ മണ്ഡലം | | | |
| 11 | ബാർബർ ഷോപ്പ് സ്ഥിതി ചെയ്യുന്ന തദ്ദേശ ഭരണ പ്രദേശത്തിന്റെ പേര് | ഗ്രാമപഞ്ചായത്ത് | മുൻസിപ്പാലിറ്റി | കോർപ്പറേഷൻ |
| 12 | തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ് നമ്പർ | | | |
| 13 | എത്ര വർഷമായി ടി ജോലി ചെയ്യുന്നു | | | |
| 14 | കടയിൽ നിലവിലെ സീറ്റുകളുടെ എണ്ണം | | | |
| 15 | സ്വന്തം കെട്ടിടമോ/വാടക കെട്ടിടമോ | | | |
| 16 | കെട്ടിട നമ്പർ | | | |
| 17 | കുടുംബാംഗങ്ങളുടെ എണ്ണം(റേഷൻ കാർഡിൻറെ പകർപ്പ് സമർപ്പിക്കണം) | | | |

| | | |
|---|---|---|
| 18 | കുടുംബത്തിൽ ഭിന്നശേഷിയുള്ളവർ ഉണ്ടോ? | |
| 19 | ഉണ്ടെങ്കിൽ ശേഷിയുടെ തരം | |
| 20 | കുടുംബത്തിൽ മാരകരോഗങ്ങൾ ബാധിച്ചവരുണ്ടോ | |
| 21 | ഉണ്ടെങ്കിൽ രോഗം / വിശദാംശം | |

## സത്യപ്രസ്താവന

അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ സത്യമാണെന്നും, എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നോ, ഇതര സ്ഥാപനങ്ങളിൽ നിന്നോ ഇതേ ആവശ്യത്തിന് ആനുകൂല്യമൊന്നും തന്നെ ലഭ്യമായിട്ടില്ലായെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം

തീയതി അപേക്ഷകന്റെ പേരും, ഒപ്പും

---

## മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് ഉപയോഗത്തിന്

സ്ഥലം

തീയതി (ഓഫീസ് സീൽ) മേഖലാ ഡെപ്യൂട്ടി ഡയറക്ടർ

---

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ

ജാതിതെളിയിക്കുന്ന രേഖ, വരുമാനസർട്ടിഫിക്കറ്റ്, തൊഴിൽ പരിചയസർട്ടിഫിക്കറ്റ് (തദ്ദേശ സ്വയംഭരണ സ്ഥാപന ചെയർമാൻ/പ്രസിഡന്റിൽ നിന്നോ, സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്), റേഷൻ കാർഡിന്റെ പകർപ്പ്, സ്ഥാപനത്തിന്റെ ഉൾഭാഗം വ്യക്തമായി കാണുന്ന വിധത്തിലുള്ള നിലവിലെ ഫോട്ടോ. ആധാർ കാർഡിന്റെ പകർപ്പ്, കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/വാടക കരാറിന്റെ പകർപ്പ്. ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസിന്റെ പകർപ്പ്. അപേക്ഷകന്റെ പേരിലുള്ള ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്.

# തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശിപാർശ

............................................................ ഗ്രാമപഞ്ചായത്തിൽ/മുൻസിപ്പാലറ്റി/കോർപ്പറേഷനിൽ ............................................... നമ്പരായി പ്രവർത്തിക്കുന്ന ബാർബർഷോപ്പിന്റെ ഉടമ ശ്രീ........................................................ നെ സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ബാർബർഷോപ്പ് നവീകരണ പദ്ധതിക്കുള്ള ഗുണഭോക്താവായി ശിപാർശ ചെയ്യുന്നു.

സെക്രട്ടറിയുടെ ഒപ്പും

സ്ഥലം

ഡെസിഗ്നേഷൻ സീലും

തീയതി (ഓഫീസ് സീൽ)

## തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡവും മാർക്കും

| | | ലഭ്യമായ മാർക്ക് |
|---|---|---|
| ബി.പി.എൽ കുടുംബം | - 20 | .................................. |
| രണ്ട് പെൺകുട്ടികൾ ഉള്ള കുടുംബം | - 10 | .................................. |
| രണ്ടിൽകൂടുതൽ പെൺകുട്ടികൾ | - 10 | .................................. |
| മൂന്ന് സീറ്റിൽ താഴെ (ബാർബർഷോപ്പിൽ) | - 15 | .................................. |
| ഭിന്നശേഷിയുള്ളവർ | - 20 | .................................. |
| 10-15 വർഷത്തെ പ്രവൃത്തി പരിചയം | - 6 | .................................. |
| 16-20 വർഷത്തെ പ്രവൃത്തി പരിചയം | - 9 | .................................. |
| 20 വർഷത്തിന്മേൽ | - 10 | .................................. |
| ആകെ | - 100 ൽ | .................................. |

(ഒന്നിലേറെപ്പേർക്ക് തുല്യമാർക്ക് കിട്ടുകയാണെങ്കിൽ കുടുംബവാർഷിക വരുമാനം കുറഞ്ഞവർക്ക് മുൻഗണന)

അനുബന്ധം-2

| | | | | |
|---|---|---|---|---|
| **പിന്നാക്ക വിഭാഗ വികസന വകുപ്പ്** | | | | |
| 2016-17 വർഷത്തെ ബഡ്ജറ്റ് വിഹിതം/ചെലവ് (തുക ലക്ഷത്തിൽ) | | | | |
| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
| | **പ്ലാൻ സ്കീം** | | | |
| | **സംസ്ഥാന പദ്ധതികൾ** | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 2000 | 2000 | 2000 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 300 | 300 | 300 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 200 | 200 | 99.5 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 550 | 550 | 550 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 170 | 180 | 180 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 40 | 40 | 8.18 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 255 | 255 | 170.45 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 255 | 255 | 250 |
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 5000 | 2522 | 2522 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് | 6400 | 3200 | 3200 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 800 | 800 | 0 |
| | **നോൺ-പ്ലാൻ സ്കീം** | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 17636.55 | 17636.55 | 17636.55 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 1714.64 | 1714.64 | 1714.64 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 12 | 12 | 10.35 |
| 4 | വിശ്വകർമ്മ പെൻഷൻ | 100 | 100 | 0 |

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

2017-18 വർഷത്തെ ബഡ്ജറ്റ് വിഹിതം/ചെലവ്(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
|---|---|---|---|---|
| | പ്ലാൻ സ്കീം | | | |
| | സംസ്ഥാന പദ്ധതികൾ | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 13100 | 13100 | 13100 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 500 | 500 | 500 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 270 | 270 | 95.75 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 650 | 650 | 539.83 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 180 | 180 | 134 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 40 | 40 | 16.38 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 270 | 270 | 119.95 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 310 | 310 | 309.95 |
| | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 5000 | 3106.14 | 3106.14 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് | 5000 | 2865 | 2865 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 800 | 800 | 0 |
| | നോൺ-പ്ലാൻ സ്കീം | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 13200 | 13200 | 18194 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 1265 | 1265 | 1263 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 12 | 12 | 11.95 |
| 4 | വിശ്വകർമ്മ പെൻഷൻ | 100 | 100 | 16.58 |

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

2018-19 വർഷത്തെ ബഡ്ജറ്റ് വിഹിതം/ചെലവ്(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
|---|---|---|---|---|
| | **പ്ലാൻ സ്കീം** | | | |
| | **സംസ്ഥാന പദ്ധതികൾ** | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 24100 | 24100 | 24017.37 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 500 | 500 | 499.99 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 270 | 270 | 99.87 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 750 | 600 | 599.98 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 200 | 80 | 4.75 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 40 | 32 | 15.19 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 200 | 160 | 92.9 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 310 | 248 | 247.94 |
| 9 | കുംഭാരകോളനി വികസനം | 0 | 100 | 0 |
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 5000 | 2845 | 2133.73 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് | 5000 | 2697 | 2697 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 800 | 800 | 0 |
| | **നോൺ-പ്ലാൻ സ്കീം** | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 18200 | 18200 | 18048.51 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 2000 | 2000 | 1460.09 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 12 | 12 | 11.92 |
| 4 | വിശ്വകർമ്മ പെൻഷൻ | 100 | 100 | 42.37 |

| പിന്നാക്ക വിഭാഗ വികസന വകുപ്പ് | | | | |
|---|---|---|---|---|
| 2019-20 വർഷത്തെ ബഡ്ജറ്റ് വിഹിതം/ചെലവ് (തുക ലക്ഷത്തിൽ) | | | | |
| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
| | പ്ലാൻ സ്കീം | | | |
| സംസ്ഥാന പദ്ധതികൾ | | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 4820 | 4820 | 4819.894 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 500 | 500 | 499.99 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 120 | 120 | 120 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 750 | 750 | 725.68 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 50 | 50 | 33.375 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 100 | 100 | 74.684 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 50 | 50 | 50 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 200 | 200 | 199.99 |
| 9 | കംഭാരകോളനി വികസനം | 0 | 100 | 0 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 4000 | 5467.25 | 5467.18 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് | 5000 | 3462.51 | 3462.51 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 250 | 0 | 0 |
| | നോൺ-പ്ലാൻ സ്കീം | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 18200 | 18200 | 17999.99 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 2000 | 1932.92 | 790.69 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 112 | 110.97 | 106.2 |
| 4 | വിശ്വകർമ്മ പെൻഷൻ | 50 | 50 | 49.648 |

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

2020-21 വർഷത്തെ ബഡ്ജറ്റ് വിഹിതം/ചെലവ് (തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
|---|---|---|---|---|
| | **പ്ലാൻ സ്കീം** | | | |
| | **സംസ്ഥാന പദ്ധതികൾ** | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 4820 | 4820 | 4819.99 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 500 | 500 | 499.98 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 110 | 110 | 66.26 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 600 | 600 | 481.488 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 28 | 28 | 27.5 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 50 | 50 | 48.25 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 35 | 35 | 34.95 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 250 | 250 | 249.55 |
| 9 | കുംഭാരകോളനി വികസനം | 0 | 50 | 48.97 |
| | **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 4000 | 0 | 3018.29 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് | 3600 | 0 | 2457.99 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 50 | 0 | 0 |
| | **നോൺ-പ്ലാൻ സ്കീം** | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 18200 | 0 | 15375.18 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 2000 | 0 | 1391.17 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 12 | 0 | 11.8 |
| 4 | വിശ്വകർമ്മ പെൻഷൻ | 50 | 0 | 36.7 |

| പിന്നാക്ക വിഭാഗ വികസന വകുപ്പ് | | | | |
|---|---|---|---|---|
| 2021-22 വർഷത്തെ ബഡ്ജറ്റ് വിഹിതം/ചെലവ് (തുക ലക്ഷത്തിൽ) | | | | |
| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
| പ്ലാൻ സ്കീം | | | | |
| സംസ്ഥാന പദ്ധതികൾ | | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 4820 | 12820 | 12812.7 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 500 | 0 | 499.99 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 110 | 0 | 110 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 600 | 0 | 599.99 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 28 | 0 | 28 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 50 | 0 | 49.99 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 35 | 0 | 35 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 250 | 0 | 250 |
| 9 | കുംഭാരകോളനി വികസനം | 0 | 47.27 | 47.26 |
| | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 6000 | 0 | 383.49 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് | 3600 | 0 | 1049.46 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 500 | 0 | 0 |
| | നോൺ-പ്ലാൻ സ്കീം | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 18200 | 0 | 18118.68 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 2000 | 0 | 1498.6 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 12 | 0 | 12 |
| 4 | വിശ്വകർമ്മ പെൻഷൻ | 50 | 0 | 49.99 |

# പിന്നാക്ക വിഭാഗ വികസന വകുപ്പ്

2022-23 വർഷത്തെ ബഡ്ജറ്റ് വിഹിതം/ചെലവ്(തുക ലക്ഷത്തിൽ)

| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
|---|---|---|---|---|
| പ്ലാൻ സ്കീം | | | | |
| സംസ്ഥാന പദ്ധതികൾ | | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 10500 | 0 | 6946.34 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 500 | 0 | 324.974 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 230 | 0 | 145.97 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 600 | 0 | 389.943 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുള്ള ധനസഹായം | 28 | 0 | 18 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 60 | 0 | 60 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 46 | 0 | 29.85 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 320 | 0 | 207.9248 |
| 9 | കുംഭാരകോളനി വികസനം | 50 | 0 | 0 |
| 10 | മാതാപിതാക്കൾ നഷ്ടപ്പെട്ട പിന്നാക്ക വിഭാഗത്തിൽപ്പെട്ട പെൺക്കുട്ടികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ് | 100 | 0 | 16.94 |
| | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 6000 | 0 | 5616.507 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് | 3600 | 3787.02 | 2887.05 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 500 | 0 | 0 |
| | നോൺ-പ്ലാൻ സ്കീം | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 18200 | 0 | 13579.87 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 2000 | 0 | 1299.4 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 12 | 0 | 12 |
| 4 | വിശ്വകർമ്മ പെൻഷൻ | 50 | 0 | 47.21 |

| പിന്നാക്ക വിഭാഗ വികസന വകുപ്പ് | | | | |
|---|---|---|---|---|
| 2023 - 2024 ജനുവരി 31വരെ ബഡ്ജറ്റ് വിഹിതം/ചെലവ്(തുക ലക്ഷത്തിൽ) | | | | |
| ക്രമ നമ്പർ | പദ്ധതികൾ | ബഡ്ജറ്റ് വിഹിതം | പുതുക്കിയ ബഡ്ജറ്റ് വിഹിതം | ചെലവ് |
| പ്ലാൻ സ്കീം | | | | |
| സംസ്ഥാന പദ്ധതികൾ | | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 4000 | 0 | 3972.78 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 500 | 0 | 456.16 |
| 3 | ഓവർസീസ് സ്കോളർഷിപ്പ് | 200 | 0 | 107.95 |
| 4 | എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം | 550 | 0 | 48.55 |
| 5 | കളിമൺപാത്ര തൊഴിലാളികൾക്കുളള ധനസഹായം | 40 | 0 | 21.5 |
| 6 | കരിയർ ഇൻ ഓട്ടോമൊബൈൽ ഇൻഡസ്ട്രി | 150 | 0 | 85.5 |
| 7 | ബാബർഷോപ്പ് നവീകരണ പദ്ധതി | 40 | 0 | 20.15 |
| 8 | ടൂൾകിറ്റ് ഗ്രാന്റ് | 324 | 0 | 171.72 |
| 9 | കുംഭാരകോളനി വികസനം | 50 | 0 | 0 |
| 10 | മാതാപിതാക്കൾ നഷ്ടപ്പെട്ട പിന്നാക്ക വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കുളള പ്രത്യേക സ്കോളർഷിപ്പ് | 50 | 0 | 0.86 |
| | കേന്ദ്രാവിഷ്കൃത പദ്ധതികൾ | | | |
| 1 | ഒ.ബി.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് PM-YASASVI | 1200 | 2400 | 3600 |
| 2 | ഒ.ബി.സി പ്രീമെട്രിക് അസിസ്റ്റന്റ് PM-YASASVI | 1200 | 0 | 0 |
| 3 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിർമ്മാണം | 50 | 0 | 0 |
| | നോൺ-പ്ലാൻ സ്കീം | | | |
| 1 | ഒ.ഇ.സി പോസ്റ്റ്മെട്രിക് അസിസ്റ്റന്റ് | 18200 | 0 | 18199.09 |
| 2 | ഒ.ഇ.സി പ്രീമെട്രിക് അസിസ്റ്റന്റ് | 2000 | 0 | 1877.53 |
| 3 | അഡ്വക്കേറ്റ് ഗ്രാന്റ് | 12 | 0 | 7.32 |
| 4 | വിശ്വകർമ്മ പെൻഷൻ | 50 | 0 | 28.42 |